**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4965** **20-03-2025 - ൽ മറുപടിയ്ക്ക്**

**കായിക അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാർത്ഥികളിൽ കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനായി കായിക അധ്യാപകരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 6 (4) പ്രകാരം 8,9 ക്ലാസ്സുകളിലായി 5 പിരീഡെങ്കിലും ലഭ്യതയുള്ള ഹൈസ്കൂളുകളിലും 6B(2) പ്രകാരം 500 കുട്ടികളെങ്കിലുമുള്ള യു.പി സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതും അപ്രകാരം നിയമനം നടത്തി വരികയുമാണ്. |
| (ബി) | ദേശീയതലത്തിൽ മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് ജോലി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കായിക താരങ്ങളെ എൽ.പി. തലം മുതൽ അധ്യാപകരായി നിയമിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കുമോ; വിശദമാക്കാമോ? | (ബി) | കെ.ഇ.ആർ പ്രകാരം എൽ.പി തലത്തിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. യു.പി. തലം മുതലുള്ള സർക്കാർ സ്കൂളുകളിലെ കായികാദ്ധ്യാപക നിയമനം നിലവിൽ പി.എസ്.സി മുഖേനയാണ് നടത്തി വരുന്നത് |

സെക്ഷൻ ഓഫീസർ